പതിനാലാം കേരള നിയമസഭ

1-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.932

11.07.2016-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ നടപ്പിലാക്കിയ പ്രവർത്തികൾ

ചോദ്യം

ശ്രീ.കെ. ദാസൻ

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഇനത്തിൽ എത്ര തുക നീക്കിയിരിപ്പുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 30-06-2016 വരെയുള്ള കണക്കുകൾ പ്രകാരം 16,60,38,093/- (പതിനാറ് കോടി അറുപത് ലക്ഷത്തി മുപ്പത്തിയെട്ടായിരത്തി തൊണ്ണൂറ്റി മൂന്ന്) രൂപ നീക്കിയിരിപ്പുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പ്രധാന പ്രവർത്തികൾ ഏതെല്ലാം; ഇതിൽ കൊയിലാണ്ടിയിൽ പ്പെടുന്ന പ്രവർത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ ആർ.എം.എഫ്. ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ പ്രധാന പ്രവർത്തികൾ അനുബന്ധം - I ആയും കൊയിലാണ്ടി മണ്ഡലത്തിൽപ്പെടുന്ന പ്രവർത്തികൾ അനുബന്ധം - II ആയും ചേർക്കുന്നു. |
| (സി) | പയ്യോളി കോട്ടുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്ന തിനായി സമർപ്പിച്ച എസ്റ്റിമേറ്റിൽ ഏതിനെല്ലാം അംഗീകാരം നൽകി എന്ന് വ്യക്തമാക്കാമോ; | (സി) | പയ്യോളി കോട്ടുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകാരം നൽകിയ പ്രവൃത്തികൾ അനുബന്ധം - III ആയി ചേർക്കുന്നു. |
| (ഡി) | ഒട്ടനവധി കുടുംബങ്ങൾ താമസിക്കുന്ന കോട്ടുരുത്തി ദ്വീപിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ ആവശ്യമായ ഫണ്ട് | (ഡി) | കോട്ടുരുത്തി ദ്വീപിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട 7 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജില്ലാ വിദഗ്ധ |

| | | | |
|---|---|---|---|
| | ആർ.എം.എഫ്.ൽ അനുവദിക്കാൻ നടപടികൾ സ്വീകരിക്കാമോ? | | സമിതി അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുകയും ഇതിൽ 2 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 5 പ്രവൃത്തികൾക്ക് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട് അപര്യാപ്തമായതിനാൽ ഭരണാനുമതി നൽകിയിരുന്നില്ല. ജില്ലയിലെ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ ബാക്കിയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ